ഒറ്റൂർ വില്ലേജിലെ അംഗൻവാടി നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ നടപടി

209 (7180) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റൂർ വില്ലേജിൽ റീ-സർവ്വേ 116/8-ൽപ്പെട്ട 5.85 ആർ ഭൂമി സ്വകാര്യവ്യക്തി കയ്യേറിയിരിക്കുന്നതായും പ്രസ്തുത ഭൂമി അംഗൻവാടി നിർമ്മാണത്തിന് വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടും ഒറ്റൂർ ഗ്രാമപഞ്ചായത്ത് 1-9-2011-ൽ നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കയ്യേറ്റമൊഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റൂർ വില്ലേജിൽ റീ.സ.നമ്പർ 116/8-ൽപ്പെട്ട ഭൂമിയും റീ.സ.നമ്പർ 116/9-ൽ പ്പെട്ട പട്ടയഭൂമിയും ഒന്നായി കിടക്കുന്നത് അളന്നുതിരിക്കുന്നതി നെതിരെ കക്ഷികൾ ബഹുമാനപ്പെട്ട വർക്കല മുൻസിഫ് കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ഒ.എ.സ്. 451/2011-ാം നമ്പർ കേസ് 28-8-2014-ന് വിചാരണയ്ക്ക് വച്ചിട്ടുള്ളതാണ്. പ്രസ്തുത കേസ് തീർപ്പായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

സർവ്വേയും ലാന്റ് റിക്കോർഡ്സും വകുപ്പിലെ ഒഴിവുകൾ

210 (7181) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയും ലാന്റ് റിക്കോർഡ്സും വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ഒഴിവുകൾ ഉണ്ടായ തീയതിസഹിതം അറിയിക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ വകുപ്പിലെ ജീവനക്കാർക്ക് സ്ഥാനക്കയറ്റംവഴി നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സ്ഥാനക്കയറ്റം നൽകുന്നതിന് ലിസ്റ്റ് തയ്യാറാക്കി ഡി.പി.സി. കൂടിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly